ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം- സ്പെഷ്യാലിറ്റി കേഡർ- ഡോ.അനിൽകുമാർ വി, ജൂനിയർ കൺസൾട്ടന്റ്(ഓർത്തോ) - അനധികൃതമായി സ്വകാര്യ പ്രാക്ടീസ് നടത്തിയത്- സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാരിന്റെ 30/08/2024 ലെ A2/328/2024-Health നമ്പർ കത്ത്

**ഉത്തരവ് നം : DHS/20367/2024-EB3തിയതി : 06-09-2024**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ (SC. 4/2024/SIU-II) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഓർത്തോ പീഡീക് സർജറി ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.അനിൽകുമാർ വി (PEN 601759) , പ്രസ്തുത സർക്കാർ ആശുപത്രിയിൽ ജോലി ചെയ്തു വരവെ ആശുപത്രിയിൽ ചികിത്സക്കായി എത്തുന്ന രോഗികളെ ഏജന്റുമാർ മുഖേന സ്വകാര്യ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായും പ്രൈവറ്റ് പ്രാക്ടീസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾ വാടകക്ക് എടുത്ത് തിങ്കൾ, ബുധൻ, വ്യാഴം ദിവസങ്ങളിൽ നെയ്യാറ്റിൻകരയിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ പാറശ്ശാലയിലും ശനിയാഴ്ച ദിവസം കരുനാഗപ്പള്ളിയിലെ വീട്ടിലും സഹായികളെ നിയമിച്ച് സ്വകാര്യ ആശുപത്രിക്ക് തുല്യമായ രീതിയിൽ ചികിത്സ നടത്തിവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് ടിയാനെ വടക്കൻ ജില്ലയിലേക്ക് സ്ഥലം മാറ്റാൻ സൂചന 1 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

2. നിലവിൽ ഡോ.അനിൽകുമാർ വി വർക്കല താലൂക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്നു.

3. മേൽ സാഹചര്യത്തിൽ ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) ഡോ.

അനിൽകുമാർ വി-യെ പാലക്കാട് ജില്ലയിലെ കുഴൽമന്നം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ഉടൻ പ്രാബല്യത്തിൽ ട്രാൻസ്ഫർ ചെയ്തു നിയമിച്ചു ഉത്തരവാകുന്നു.

4. ഡോ.അനിൽകുമാർ വി ഉടനടി ട്രാൻസ്ഫർ ചെയ്യപ്പെട്ട സ്ഥലത്ത് ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 06-09-2024 18:45:30

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ഡോ.അനിൽകുമാർ വി,
ജൂനിയർ കൺസൾട്ടന്റ്(ഓർത്തോ)

പകർപ്പ് :
1. അഡിഷനൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
3. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്
4. മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, കുഴൽമന്നം,പാലക്കാട്.
5. സൂപ്രണ്ട്, താലൂക് ആസ്ഥാന ആശുപത്രി, വർക്കല
6. ഇ.സി സെക്ഷൻ
7. ഫയൽ/കരുതൽ ഫയൽ